**Seminar**

**On**

**<u>Preventive Strategies to Combat Counterfeiting and Smuggling</u>**

**20 May, 2023 | 1030 – 1300 hrs | Kerela**

# Deshabhimani

## കള്ളക്കടത്തും വ്യാജ ഉൽപ്പന്നങ്ങളുടെ ഇറക്കുമതിയും തൊഴിലവസരങ്ങൾ ഇല്ലാതാക്കുന്നു: മന്ത്രി പി രാജീവ്

കൊച്ചി




ഫിക്കി കൊച്ചിയിൽ സംഘടിപ്പിച്ച സെമിനാർ മന്ത്രി പി രാജീവ് ഉദ്ഘാടനം ചെയ്യുന്നു

കള്ളക്കടത്തും വ്യാജ ഉൽപ്പന്നങ്ങളുടെ ഇറക്കുമതിയും രാജ്യത്തിന്റെ സാമ്പത്തിക സുസ്ഥിരതയും നവീകരണവും തടസ്സപ്പെടുത്തുകയും തൊഴിലവസരങ്ങൾ ഇല്ലാതാക്കുകയുമാണെന്ന് വ്യവസായ മന്ത്രി പി രാജീവ് പറഞ്ഞു. 'കള്ളക്കടത്തും വ്യാജ ഉൽപ്പന്നങ്ങളുടെ ഇറക്കുമതിയും തടയുന്നതിനുള്ള പ്രതിരോധതന്ത്രങ്ങൾ' വിഷയത്തിൽ ഫിക്കി കൊച്ചിയിൽ സംഘടിപ്പിച്ച സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. ലോകമെമ്പാടും എല്ലാ വ്യവസായമേഖലകളിലും സ്വാധീനം ചെലുത്തുന്ന ഈ പ്രശ്നം ശരിയായ ഉൽപ്പാദകർക്കും വ്യാപാരികൾക്കും നിയമാനുസൃതമായ മത്സരത്തിലൂടെ ലഭിക്കേണ്ട നേട്ടം ഇല്ലാതാക്കുന്നു. ഇതിന്റെ സങ്കീർണതകൾ ഉപയോക്താക്കൾ മനസ്സിലാക്കണം. ഈ ആഗോളവിപത്തിനെ ചെറുക്കുന്നതിന് ഇവയുടെ വിനാശകരമായ പ്രത്യാഘാതങ്ങളിലേക്ക് വെളിച്ചംവീശുന്ന വിദ്യാഭ്യാസ, ബോധവൽക്കരണ പരിപാടികൾക്ക് മുൻഗണന നൽകേണ്ടത് അത്യന്താപേക്ഷിതമാണെന്നും മന്ത്രി പറഞ്ഞു.

കസ്റ്റംസ് 2022–23ൽ കേരളത്തിൽ 810 കള്ളക്കടത്തുകേസുകൾ കൈകാര്യം ചെയ്തെന്നും 311 കോടി രൂപ വിലവരുന്ന 630 കിലോ സ്വർണവും 329 ലക്ഷം രൂപ വിലവരുന്ന സിഗരറ്റുകളും പിടിച്ചെടുത്തെന്നും കൊച്ചി പ്രിവന്റീവ് കമീഷണർ രാജേന്ദ്രകുമാർ പറഞ്ഞു.

കള്ളക്കടത്തിനും വ്യാജ ഉൽപ്പന്ന ഇറക്കുമതിക്കും എതിരായുള്ള ഫിക്കി സമിതി (കാസ്കേഡ്) സംഘടിപ്പിച്ച മത്സരങ്ങളിൽ വിജയികളായ വിദ്യാർഥികൾക്കുള്ള സമ്മാനങ്ങൾ മന്ത്രി വിതരണം ചെയ്തു. കൊച്ചി സിറ്റി പൊലീസ് കമീഷണർ കെ സേതുരാമൻ, കാസ്കേഡ് ഉപദേശകനും ഡൽഹി പൊലീസ് മുൻ സ്പെഷ്യൽ കമീഷണറുമായ ദീപ് ചന്ദ്, കാസ്കേഡ് ഉപദേശകനും സെൻട്രൽ ബോർഡ് ഓഫ് ഇൻഡയറക്ട് ടാക്സസ് ആൻഡ് കസ്റ്റംസ് (സിബിഐസി) മുൻ ചെയർമാനുമായ പി സി ഝാ, ഫിക്കി കേരള സ്റ്റേറ്റ് കൗൺസിൽ മേധാവി സാവിയോ മാത്യു, ഹെൽത്ത് കെയർ സബ് കമ്മിറ്റി ചെയർ ബിന്നു പുന്നൂരാൻ, അഡ്വ. വിസി ജോർജ്, ഭീമ ജ്വല്ലേഴ്സ് സിഇഒ ഗോപകുമാർ, കൊട്ടാരം ബിസിനസ് കോർപറേഷൻ മാനേജിങ് പാർട്ണർ ആന്റണി കൊട്ടാരം, ടെക് ക്യൂ സിഇഒ എം വി സജി തുടങ്ങിയവരും സംസാരിച്ചു.

**Mathrubhumi**

2022-23-ൽ

# കേരള കസ്റ്റംസ് പിടിച്ചത് 630 കിലോ സ്വർണം

**2022-ൽ നിയമവിരുദ്ധ വ്യാപാരത്തിലൂടെ രാജ്യത്തിനുണ്ടായ നികുതിനഷ്ടം 58,521 കോടി എന്ന് ഫിക്കി കാസ്കേഡ് റിപ്പോർട്ട്**

**കൊച്ചി▸** കഴിഞ്ഞ സാമ്പത്തികവർഷം (2022-23-ൽ) കേരള കസ്റ്റംസ് പിടിച്ചത് 311 കോടി രൂപ മൂല്യം വരുന്ന 630 കിലോ സ്വർണം. 810 കേസുകളാണ് കേരള കസ്റ്റംസ് വിജയകരമായി കൈകാര്യം ചെയ്തതെന്നും കൊച്ചി കസ്റ്റംസ് പ്രിവന്റീവ് കമ്മിഷണർ രാജേന്ദ്ര കുമാർ പറഞ്ഞു. ശരാശരി, ദിവസവും ഒരാളെ വീതം അറസ്റ്റ് ചെയ്യുന്നുണ്ടെന്നും സ്വർണക്കടത്തിൽ മാത്രം 2021-22-ൽ 329 പേരെയാണ് അറസ്റ്റ് ചെയ്തതെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

ഫെഡറേഷൻ ഓഫ് ഇന്ത്യൻ ചേംബേഴ്സ് ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രിക്കു കീഴിൽ നിയമവിരുദ്ധ വ്യാപാരത്തിനും കള്ളക്കടത്തിനുമെതിരായി രൂപവത്കരിച്ച കമ്മിറ്റി (ഫിക്കി കാസ്കേഡ്) കൊച്ചിയിൽ സംഘടിപ്പിച്ച സെമിനാറിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. കള്ളക്കടത്തും വ്യാജവ്യാപാരവും: തടയുന്നതിനുള്ള മാർഗങ്ങൾ, എന്ന വിഷയത്തിലായിരുന്നു സെമിനാർ.

123 കേസുകളിലായി 329 ലക്ഷം രൂപയുടെ കള്ളക്കടത്ത് സിഗററ്റുകൾ പിടിച്ചെടുത്തതായും രാജേന്ദ്ര കുമാർ അറിയിച്ചു.

വ്യവസായ മന്ത്രി പി. രാജീവ് പരിപാടിയിൽ മുഖ്യാതിഥിയായി. വ്യാജവ്യാപാര ഇടപാടുകളിലും കള്ളക്കടത്ത് രീതികളിലും വന്ന മാറ്റങ്ങൾ ഇത്തരം കേസുകളിലെ പോലീസ് അന്വേഷണങ്ങൾക്ക് വെല്ലുവിളി സൃഷ്ടിക്കുന്നുണ്ടെന്ന് കൊച്ചി സിറ്റി പോലീസ് കമ്മിഷണർ കെ. സേതുരാമൻ പറഞ്ഞു.

രാജ്യത്തെ അഞ്ച് പ്രധാന വ്യവസായ മേഖലകളിലെ നിയമവിരുദ്ധവ്യപാരം വഴി 2022-ൽ സർക്കാരിന് 58,521 കോടി രൂപയുടെ നികുതി നഷ്ടമാണ് ഉണ്ടായതെന്ന് ഫിക്കി കാസ്കേഡ് അടുത്തിടെ പുറത്തിറക്കിയ റിപ്പോർട്ടിൽ പറ



യുന്നു. സ്വർണവും സിഗററ്റും മയക്കുമരുന്നും മദ്യവും ഇലക്ട്രോണിക്സ് ഉത്പന്നങ്ങളുമടക്കം കള്ളക്കടത്ത് വഴി ധാരാളം ഉത്പന്നങ്ങൾ ഇന്ത്യൻ വിപണിയിലേക്കെത്തുന്നുണ്ട്. 2019-20-ൽ മൊബൈൽ ഫോൺ, എഫ്.എം.സി.ജി., പുകയില ഉത്പന്നങ്ങൾ, ആൽക്കഹോൾ എന്നീ മേഖലകളിൽ മാത്രം 2,60,094 കോടി രൂപയുടെ അനധികൃത വ്യാപാരമാണ് നടന്നിട്ടുള്ളതെന്നും റിപ്പോർട്ട് ചൂണ്ടിക്കാട്ടി.

ഡൽഹി മുൻ പോലീസ് സ്പെഷ്യൽ കമ്മിഷണറും ഫിക്കി കാസ്കേഡ് അഡ്വൈസറുമായ ദീപ് ചന്ദ്, സി.ബി.ഐ.സി. മുൻ ചെയർമാനും ഫിക്കി കാസ്കേഡ് അഡ്വൈസറുമായ പി.സി. ഝാ, ഫിക്കി ഹെൽത്ത്കെയർ സബ്കമ്മിറ്റി ചെയർമാൻ ബിബു പുന്നൂരാൻ, ഭീമ ജുവലേഴ്സ് സി.ഒ.ഒ. ഗോപകുമാർ, കൊട്ടാരം ബിസിനസ് കോർപ്പറേഷൻ മാനേജിങ് പാർട്ണർ ആന്റണി കൊട്ടാരം, ടെക്ക്യൂ സി.ഇ.ഒ. എം.വി. സജി, അഡ്വ. വിസ്റ്റി ജോർജ് എന്നിവർ സംസാരിച്ചു.

**NewAge**

# കള്ളനോട്ടും കള്ളക്കടത്തും രാജ്യം നേരിടുന്ന പ്രധാന വെല്ലുവിളി: പി. രാജീവ്

കൊച്ചി: കള്ളനോട്ട് ഇടപാടുകളും കള്ളക്കടത്തും രാജ്യത്തിന്റെ സാമ്പത്തിക വികസനം നേരിടുന്ന ഏറ്റ വുംവലിയവെല്ലുവിളിയാണെന്ന് വ്യവസായമന്ത്രി പി. രാജീവ് പറഞ്ഞു. കള്ളപ്പണവും കള്ളക്കടത്തും ചെറുക്കുന്നതിനുള്ള പ്രതിരോധ തന്ത്രങ്ങൾ എന്ന വിഷയത്തിൽ എഫ്.ഐ.സി.സി.ഐ കാസ്കേഡ്നട ത്തിയ സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ലോക വ്യാപകമായി വ്യവസായ മേഖലയേയും ഈ പ്രശ്നം ഗുരുതരമായി ബാധിക്കുന്നുണ്ട്. സങ്കീർണമായ ഈ അവസ്ഥയും മനസിലാക്കേണ്ടതുണ്ട്. തങ്ങളുടെ ഇടപാടുകളിലൂടെയും നിലപാടുകളിലൂടെയും നാളത്തെ തലമുറയും ഈ ഭീഷണിക്കെതിരെ നിലകൊള്ളണം.




കള്ളനോട്ടിന്റെയും കള്ളക്കടത്തിന്റെയും ഗുരുതരമായ പ്രത്യാഘാതങ്ങളെക്കുറിച്ച്ബോധവത്കരണത്തിനും പഠനങ്ങൾക്കും മുൻതൂക്കം നൽകണമെന്നും പി. രാജീവ് പറഞ്ഞു. എഫ്.ഐ.സി.സി.ഐ ചെയർമാൻ ദീപ്ചന്ദ് അദ്ധ്യക്ഷത വഹിച്ചു. കൊച്ചി സിറ്റി പൊലീസ് കമ്മിഷണർ കെ. സേതുരാമൻ, കസ്റ്റംസ് പ്രിവിന്റീവ് കമ്മിഷണർ രാജേന്ദ്ര കുമാർ, എഫ്.ഐ.സി.സി.ഐ കാസ്കേഡ് മുൻ ചെയർമാൻ പി.സി. ജാ എന്നിവർ സംസാരിച്ചു.

# Kerala Kaumudi

കേരളകൗമുദി
SINCE 1911
Ernakulam
21 May 2023

## കള്ളനോട്ടും കള്ളക്കടത്തും രാജ്യം നേരിടുന്ന പ്രധാന വെല്ലുവിളി: പി. രാജീവ്




കള്ളപ്പണവും കള്ളക്കടത്തും ചെറുക്കുന്നതിനുള്ള പ്രതിരോധ മാർഗങ്ങൾ എന്ന വിഷയത്തിൽ എഫ്.ഐ.സി.സി.ഐ കാസ്കേഡ് എറണാകുളം താജ് ഹോട്ടലിൽ സംഘടിപ്പിച്ച സെമിനാറിൽ നിന്ന്

കൊച്ചി: കള്ളനോട്ട് ഇടപാടുകളും കള്ളക്കടത്തും രാജ്യത്തിന്റെ സാമ്പത്തിക വികസനം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയാണെന്ന് വ്യവസായ മന്ത്രി പി. രാജീവ് പറഞ്ഞു. കള്ളപ്പണവും കള്ളക്കടത്തും ചെറുക്കുന്നതിനുള്ള പ്രതിരോധ തന്ത്രങ്ങൾ എന്ന വിഷയത്തിൽ എഫ്.ഐ.സി.സി.ഐ കാസ്കേഡ് നടത്തിയ സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ലോക വ്യാപകമായി വ്യവസായ മേഖലയേയും ഈ പ്രശ്നം ഗുരുതരമായി ബാധിക്കുന്നുണ്ട്. സങ്കീർണമായ ഈ അവസ്ഥയും മനസിലാക്കേണ്ടതുണ്ട്. തങ്ങളുടെ ഇടപാടുകളിലൂടെയും നിലപാടുകളിലൂടെയും നാളത്തെ തലമുറയും ഈ ഭീഷണിക്കെതിരെ നിലകൊള്ളണം.

കള്ളനോട്ടിന്റെയും കള്ളക്കടത്തിന്റെയും ഗുരുതരമായ പ്രത്യാഘാതങ്ങളെക്കുറിച്ച് ബോധവത്കരണത്തിനും പഠനങ്ങൾക്കും മുൻതൂക്കം നൽകണമെന്നും പി. രാജീവ് പറഞ്ഞു.

എഫ്.ഐ.സി.സി.ഐ ചെയർമാൻ ദീപ് ചന്ദ് അദ്ധ്യക്ഷത വഹിച്ചു. കൊച്ചി സിറ്റി പൊലീസ് കമ്മിഷണർ കെ. സേതുരാമൻ, കസ്റ്റംസ് പ്രിവന്റീവ് കമ്മിഷണർ രാജേന്ദ്ര കുമാർ, എഫ്.ഐ.സി.സി.ഐ കാസ്കേഡ് മുൻ ചെയർമാൻ പി.സി. ജാ എന്നിവർ സംസാരിച്ചു.

KERALA KAUMUDI EPAPER
Clipping Kerala Kaumudi - Ernakulam

# Kerala Bhushanam

## ഓൺലൈൻ കള്ളപ്പണം, കള്ളക്കടത്ത് കേസുകൾ സംസ്ഥാനത്ത് കുതിച്ചു കയറുന്നു : മന്ത്രി പി.രാജീവ്




ഫിക്കിയുടെ കള്ളക്കടത്തിനും കള്ളനോട്ടു പ്രവർത്തനങ്ങൾക്കുമെതിരായ കമ്മിറ്റി (കാസ്കേഡ്) സംഘടിപ്പിച്ച സെമിനാർ മന്ത്രി പി.രാജീവ് ഉദ്ഘാടനം ചെയ്യുന്നു.

കൊച്ചി, അടുത്ത കാലത്തായി, ഓൺലൈൻ കള്ളപ്പണം, കള്ളക്കടത്ത് കേസുകളിൽ ശ്രദ്ധേയമായ കുതിച്ചുചാട്ടം ഉണ്ടായിട്ടുണ്ടെന്ന് സംസ്ഥാന വ്യവസായ മന്ത്രി പി.രാജീവ്. ഫിക്കിയുടെ കള്ളക്കടത്തിനും കള്ളനോട്ടു പ്രവർത്തനങ്ങൾക്കുമെതിരായ കമ്മിറ്റി (കാസ്കേഡ്) സംഘടിപ്പിച്ച സെമിനാറിൽ പങ്കെടുത്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

അത്തരം വഞ്ചനാപരമായ നടപടികൾ ഫലപ്രദമായി തടയുന്നതിന് ശക്തമായതും സജീവവുമായ പ്രതികരണം ആവശ്യമാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. പോലീസ് ഉദ്യോഗസ്ഥർക്കായുള്ള ഫിക്കിയുടെ കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാമിനെ അഭിസംബോധന ചെയ്തുകൊണ്ട് സംസാരിക്കുകയായിരുന്നു അദ്ദേഹം. അനധികൃത വ്യാപാരം മൂലം സർക്കാരിന് 58,521 കോടി രൂപയുടെ നികുതി നഷ്ടം ഉണ്ടായതായി മന്ത്രി പി.രാജീവ് പറഞ്ഞു.

കേരള കസ്റ്റംസ് 311 കോടി വിലമതിക്കുന്ന 630 കിലോഗ്രാം സ്വർണം പിടിച്ചെടുത്തു. 123 കേസുകൾ ഫയൽ ചെയ്തുവെന്നും 329 ലക്ഷം രൂപ വിലമതിക്കുന്ന പുകയില ഉൽപ്പന്നങ്ങൾ പിടികൂടിയതായും അദ്ദേഹം പറഞ്ഞു.

രാജ്യത്തിന്റെ സാമ്പത്തിക വ്യവസ്ഥയെ തകർക്കുന്നത് കള്ളപ്പണവും കള്ളക്കച്ചവടവുമാണെന്ന് കൊച്ചി പോലീസ് കമ്മീഷണർ, കെ സേതു രാമൻ പറഞ്ഞു. കള്ളകടത്തലിന്റെയും കള്ളപ്പണത്തിന്റെയും വർദ്ധിച്ചുവരുന്ന തീവ്രത വിജ്ഞാനാധിഷ്ഠിതത്തിന് കാര്യമായ അപകടസാധ്യത സൃഷ്ടിക്കുന്നു. തുറന്നതും ആഗോളവൽക്കരിച്ചതുമായ സമ്പദ്‌വ്യവസ്ഥകൾ രാജ്യത്തിന്റെ ദേശീയ സുരക്ഷയും സാമ്പത്തിക താൽപ്പര്യങ്ങളും സംരക്ഷിക്കുന്നതിൽ പോലീസ് വകുപ്പിന്റെ പങ്ക് സുപ്രധാനമാണെന്ന് കെ സേതു രാമൻ വ്യക്തമാക്കി.

കള്ളപ്പണത്തിന്റെയും കള്ളക്കടത്തിന്റെയും സാമൂഹിക സാമ്പത്തിക ആഘാതത്തെക്കുറിച്ച് ഒരു അവലോകനം FICCI CASCADE ഉപദേശകനും ന്യൂഡൽഹിയിലെ മുൻ സ്പെഷ്യൽ പോലീസ് കമ്മീഷണറുമായ ദീപ് ചന്ദ് നൽകി.

ഈ ആഗോള വിപത്തിനെതിരെ പോരാടുന്നതിന്, വിദ്യാഭ്യാസത്തിനും ബോധവൽക്കരണ സംരംഭങ്ങൾക്കും മുൻഗണന നൽകേണ്ടത് അത്യന്താപേക്ഷിതമാണ്

കള്ളപ്പണത്തിന്റെയും കള്ളക്കടത്തിന്റെയും ദോഷകരമായ പ്രത്യാഘാതങ്ങളിലേക്ക് വെളിച്ചം വീശേണ്ടതുണ്ടെന്ന് സെമിനാർ വ്യക്തമാക്കി.

വ്യാജ ഉൽപ്പന്നങ്ങളുടെ വ്യാപനം, കള്ളക്കടത്ത് എന്നിവയുടെ ആഘാതത്തെക്കുറിച്ചുള്ള തുടർച്ചയായ അവബോധത്തിന്റെയും ഗൗരവത്തിന്റെയും പ്രാധാന്യത്തെക്കുറിച്ച് കേരള പോലീസ് ഉദ്യോഗസ്ഥരെ ബോധവൽക്കരിക്കുന്നതിനാണ് ശ്രമിക്കേണ്ടതെന്നും ഈ പ്രശ്നത്തിന്റെ സങ്കീർണതകൾ നാളെയുടെ ഉപഭോക്താക്കൾ എന്ന നിലയിൽ യുവാക്കൾക്ക് അറിയാൻ അധികാരമുണ്ട്. ഈ ശേഷി വർധിപ്പിക്കുന്ന പരിപാടിയാണ് ലക്ഷ്യമിടുന്നത്.

## Deepika

# കള്ളക്കടത്ത് രാജ്യം നേരിടുന്ന വലിയ വെല്ലുവിളി: പി. രാജീവ്

**കൊച്ചി:** വ്യാജ ഉത്പന്നങ്ങളുടെ ഇറക്കുമതിയും കള്ളക്കടത്തും രാജ്യം നേരിടുന്ന വലിയ വെല്ലുവിളിയാണെന്ന് മന്ത്രി പി. രാജീവ്. ഫെഡറേഷൻ ഓഫ് ഇന്ത്യൻ ചേംബേഴ്സ് ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രിക്ക് (ഫിക്കി) കീഴിൽ സമ്പദ്‌വ്യവസ്ഥയെ തകർക്കുന്ന നിയമവിരുദ്ധ വ്യപാരത്തിനും കള്ളക്കടത്തിനുമെതിരായി രൂപീകരിച്ച കമ്മിറ്റി (കാസ്കേഡ്) കൊച്ചിയിൽ സംഘടിപ്പിച്ച സെമിനാറിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ലോകമെമ്പാടുമുള്ള എല്ലാ വ്യവസായ മേഖലകളിലും വലിയ തോതിൽ ബാധിക്കുന്ന ഈ പ്രശ്നം നിയമപരമായ വ്യാപാരത്തിന്റെ മത്സരനേട്ടത്തെ ഇല്ലാതാക്കുന്നതായും തൊഴിലവസരങ്ങളെയും രാജ്യത്തിന്റെ സുസ്ഥിര വളർച്ചയെയും തടസപ്പെടുത്തുന്നതായും മന്ത്രി പറഞ്ഞു.

കഴിഞ്ഞ സാമ്പത്തിക വർഷം കേരള കസ്റ്റംസ് 311 കോടി രൂപ മൂല്യം വരുന്ന 630 കിലോയുടെ സ്വർണം പിടികൂടിയതായി സെമിനാറിൽ സംസാരിച്ച കൊച്ചി കസ്റ്റംസ് പ്രിവന്റീവ് കമ്മീഷണർ രാജേന്ദ്രകുമാർ പറഞ്ഞു. 123 കേസുകളിലായി 329 ലക്ഷം രൂപയുടെ കള്ളക്കടത്ത് സിഗരറ്റുകൾ പിടിച്ചെടുത്തതായും രാജേന്ദ്ര കുമാർ അറിയിച്ചു.

സിറ്റി പോലീസ് കമ്മീഷണർ കെ.സേതുരാമൻ, ഫിക്കി കാസ്കേഡ് ഉപദേശകനും ന്യൂഡൽഹിയിലെ മുൻ സ്പെഷൽ പോലീസ് കമ്മീഷണറുമായ ദീപ് ചന്ദ്, സിബിഐസി മുൻ ചെയർമാനും ഫിക്കി കാസ്കേഡ് അഡ്വൈസറുമായ പി.സി. ഝാ, ഫിക്കി ഹെൽത്ത് കെയർ കമ്മിറ്റി ചെയർമാൻ ബിബു പുന്നൂരാൻ, ഭീമ ജ്വല്ലേഴ്സ് സിഒഒ ഗോപകുമാർ, കൊട്ടാരം ബിസിനസ് കോർപറേഷൻ മാനേജിംഗ് പാർട്ണർ ആന്റണി കൊട്ടാരം, ടെക് ക്യൂ സിഇഒ എം.വി. സജി, അഡ്വ. വി.സി. ജോർജ് എന്നിവർ പ്രസംഗിച്ചു.



## Malayala Manorama

# കള്ളപ്പണം: ബോധവൽക്കരണം വേണമെന്ന് മന്ത്രി രാജീവ്

കൊച്ചി ● കള്ളപ്പണ ഇടപാടുകളിലും കള്ളക്കടത്തിലും ഉൾപ്പെട്ടാലുണ്ടാകുന്ന പ്രത്യാഘാതങ്ങളെക്കുറിച്ചു യുവാക്കളിൽ ഉൾപ്പെടെ ബോധവൽക്കരണം നടത്തേണ്ടത് അത്യാവശ്യമാണെന്നു മന്ത്രി പി.രാജീവ്. ഫിക്കി കാസ്കേഡ് (കമ്മിറ്റി എഗെൻസ്റ്റ് സ്മഗ്ളിങ് ആൻഡ് കൗണ്ടർഫീറ്റിങ് ആക്ടിവിറ്റീസ് ഡിസ്ട്രോയിങ് ദി ഇക്കോണമി) 'കള്ളപ്പണവും കള്ളക്കടത്തും തടയാനുള്ള തന്ത്രങ്ങൾ എന്ന വിഷയത്തിൽ നടത്തിയ സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

സിറ്റി പൊലീസ് കമ്മിഷണർ കെ.സേതുരാമൻ , കസ്റ്റംസ് പ്രിവന്റീവ് കമ്മിഷണർ രാജേന്ദ്ര കുമാർ പി.സി.ഝാ, ദീപ് ചന്ദ്, ബിബു പുന്നൂരാൻ, വിസി ജോർജ്, ഗോപകുമാർ, ആന്റണി കൊട്ടാരം, എം.വി.സജി എന്നിവർ പ്രസംഗിച്ചു.

**Chandrika**

# ‘ രാജ്യം നേരിടുന്ന പ്രധാന വെല്ലുവിളി ’

കൊച്ചി: കള്ളനോട്ട് ഇടപാടുകളും കള്ളക്കടത്തും രാജ്യത്തിന്റെ സാമ്പത്തിക വികസനം നേരിടുന്ന ഏറ്റവും വലിയവെല്ലുവിളിയാണെന്ന് വ്യവസായമന്ത്രി പി. രാജീവ്. കള്ളപ്പണവും കള്ളക്കടത്തും ചെറുക്കുന്നതിനുള്ള പ്രതിരോധ തന്ത്രങ്ങൾ എന്ന വിഷയത്തിൽ എഫ്.ഐ.സി.സി.ഐ കാസ്കേഡ് നടത്തിയ സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ലോക വ്യാപകമായി വ്യവസായ മേഖലയേയും ഈ പ്രശ്നം ഗുരു തരമായി ബാധിക്കുന്നുണ്ട്. സങ്കീർണമായ ഈ അവസ്ഥയും മനസിലാക്കേണ്ടതുണ്ട്. തങ്ങളുടെ ഇടപാടുകളിലൂടെയും നിലപാടുകളിലൂടെയും നാളത്തെ തലമുറയും ഈ ഭീഷണിക്കെതിരെ നിലകൊള്ളണം. കള്ളനോട്ടിന്റെയും കള്ളക്കടത്തിന്റെയും ഗുരുതരമായ പ്രത്യാഘാതങ്ങളെക്കുറിച്ച് ബോധവത്കരണത്തിനും പഠനങ്ങൾക്കും മുൻതൂക്കം നൽകണമെന്നും പി.രാജീവ് പറഞ്ഞു. എഫ്.ഐ.സി.സി.ഐ ചെയർമാൻ ദീപ്ചന്ദ് അധ്യക്ഷത വഹിച്ചു. സിറ്റി പൊലീസ് കമ്മിഷണർ കെ. സേതുരാമൻ, കസ്റ്റംസ് പ്രിവിന്റീവ് കമ്മിഷണർ രാജേന്ദ്ര കുമാർ, പി.സി ജാ എന്നിവർ സംസാരിച്ചു.